ഉത്തരം

(എ&ബി) എം.ജി. സർവ്വകലാശാല എൽ.എൽ.എം പരീക്ഷയിൽ കോപ്പിയടി നടത്തിയെന്ന് ആരോപണ വിധേയനായ ഐ.ജി. ടി.ജെ. ജോസിനെതിരെ നോർത്ത് സോൺ എ.ഡി.ജി.പി. പ്രാഥമിക അന്വേഷണം നടത്തിയതിന്റെ അടിസ്ഥാനത്തിൽ ടിയാനെ തൃശ്ശൂർ റേഞ്ച് ഐ.ജി.യുടെ ചുമതലയിൽനിന്നും മാറ്റുകയും ഈ വിഷയത്തിൽ വിശദമായ ക്രൈംബ്രാഞ്ച് അന്വേഷണം നടത്തി റിപ്പോർട്ട് സമർപ്പിക്കുന്നതിനായി സംസ്ഥാന പോലീസ് മേധാവിക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. എ.ഡി.ജി.പി.-യുടെ അന്വേഷണ റിപ്പോർട്ടിന്റെ പകർപ്പ് അനുബന്ധമായി ചേർക്കുന്നു.*

(സി) ക്രൈംബ്രാഞ്ച് അന്വേഷണ റിപ്പോർട്ട് ലഭിക്കുന്ന മുറയ്ക്ക് ആവശ്യമെങ്കിൽ തുടർ നടപടികൾ സ്വീകരിക്കാവുന്നതാണ്.

യു.എ.പി.എ, കാപ്പ നിയമങ്ങളുടെ ദുരുപയോഗം

181 (185) ശ്രീ. എളമരം കരീം :

ശ്രീ. ജെയിംസ് മാത്യു :

ശ്രീ. എസ്. രാജേന്ദ്രൻ :

ശ്രീ. ബാബു എം. പാലിശ്ശേരി : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി മറുപടി നൽകുമോ :

(എ) യു.എ.പി.എ., കാപ്പ തുടങ്ങിയ നിയമങ്ങൾ ഉപയോഗിച്ച് രാഷ്ട്രീയ പ്രതിയോഗികളെ കള്ളക്കേസെടുത്ത് ജയിലിലടയ്ക്കുകയും നാടുകടത്തുകയും ചെയ്യുന്നുവെന്ന ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) പ്രസ്തുത നിയമങ്ങളുടെ ഉദ്ദേശങ്ങൾക്ക് അനുസൃതമായി കൊടും ക്രിമിനലുകൾക്കെതിരെ ഉപയോഗിക്കാതിരിക്കുകയും രാഷ്ട്രീയ പാർട്ടി പ്രവർത്തകർക്കെതിരെ വിനിയോഗിക്കുകയും ചെയ്യുന്നുവെന്ന ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(സി) ഈ സർക്കാരിന്റെ കാലത്ത് യു.എ.പി.എ., കാപ്പ തുടങ്ങിയ നിയമങ്ങളുടെ ദുർവിനിയോഗത്തെ തുടർന്ന് കോടതികൾക്ക് ഇടപെടേണ്ടിവന്നിട്ടുള്ളതായി അറിയാമോ ;

(ഡി) കാപ്പ നിയമപ്രകാരം പോലീസ് എടുത്ത എത്ര നടപടികൾ കോടതി പിന്നീട് റദ്ദ് ചെയ്തിട്ടുണ്ട് ; വിശദാംശങ്ങൾ ലഭ്യമാക്കാമോ ?

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ&ബി) ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(സി) ഈ സർക്കാരിന്റെ കാലത്ത് അത്തരം കോടതി ഇടപെടലുകൾ ഉണ്ടായതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ഡി) കേരള സാമൂഹ്യവിരുദ്ധ പ്രവർത്തനങ്ങൾ (തടയൽ) നിയമപ്രകാരം പുറപ്പെടുവിച്ച 71 കരുതൽ തടങ്കൽ/സഞ്ചലന നിയന്ത്രണ ഉത്തരവുകൾ ഈ സർക്കാരിന്റെ കാലത്ത് കോടതി റദ്ദുചെയ്തിട്ടുണ്ട്. പ്രതി ചെയ്ത അവസാനത്തെ കുറ്റകൃത്യം നടന്ന തീയതിവച്ച് കണക്കാക്കുമ്പോൾ തടങ്കൽ ഉത്തരവ് പുറപ്പെടുവിച്ചതിൽ കാലതാമസമുണ്ടാകുക, പ്രഥമ വിവര സ്റ്റേറ്റ്മെന്റുകൾ, സാക്ഷിമൊഴികൾ, ജാമ്യ ഉത്തരവുകൾ, ക്രിമിനൽ നടപടിക്രമത്തിലെ സെക്യൂരിറ്റി നടപടികൾ എന്നിവയെ സംബന്ധിച്ച രേഖകൾ ബന്ധപ്പെട്ട വ്യക്തിക്ക് നൽകാതിരിക്കുക, കുറ്റകൃത്യങ്ങളിൽ ഏർപ്പെടുന്നതിൽനിന്നും തടയുന്നതിന് സി.ആർ.പി.സി. 107-ാം വകുപ്പുപ്രകാരമുള്ള സെക്യൂരിറ്റി നടപടികൾ പോലെയുള്ള സാധാരണ നിയമനടപടികൾ പര്യാപ്തമായിരുന്നോയെന്ന് പരിശോധിക്കാതിരിക്കുക തുടങ്ങിയ കാരണങ്ങളാൽ ഭരണഘടനയിലെ രക്ഷാവ്യവസ്ഥകളും സ്റ്റാറ്റ്യൂട്ടറി നടപടിക്രമങ്ങളും പൂർണ്ണമായും പാലിക്കപ്പെട്ടിട്ടില്ലെന്ന് കണ്ടെത്തുന്ന കേസുകളിലാണ് കേരള സാമൂഹ്യവിരുദ്ധ പ്രവർത്തനങ്ങൾ (തടയൽ) നിയമപ്രകാരം പുറപ്പെടുവിക്കുന്ന തടങ്കൽ/സഞ്ചലന നിയന്ത്രണ ഉത്തരവുകൾ കോടതി റദ്ദുചെയ്തിട്ടുള്ളത്.

സി.പി.ഐ.(എം) പ്രവർത്തകൻ വിജയനെ കൊലപ്പെടുത്തിയ കേസ്

182(186) ശ്രീ. എ. കെ. ബാലൻ : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി മറുപടി നൽകുമോ :

(എ) തൃശ്ശൂർ മണ്ഡലത്തിലെ കണ്ണന്ത്ര, കാരപ്പൊറ്റയാലിൽ സി.പി.ഐ.(എം) പ്രവർത്തകൻ വിജയനെ ആർ.എസ്.എസ്.കാർ കൊലപ്പെടുത്തിയ കേസ്സിൽ പ്രതികളെ ഇനിയും അറസ്റ്റ് ചെയ്തിട്ടില്ലായെന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) പോലീസ് ചാർജ് ചെയ്ത കേസ്സിൽ ആകെ എത്ര പ്രതികളാണ് ഉള്ളത് ; എത്ര പേരെ അറസ്റ്റ് ചെയ്തു ; പ്രതികൾ ആരെല്ലാമാണ് ;

(സി) ഈ കേസ്സിൽ സ്പെഷ്യൽ പബ്ലിക് പ്രോസിക്യൂട്ടറെ നിയമിക്കണമെന്ന ആവശ്യത്തിന്മേൽ നടപടി സ്വീകരിച്ചിട്ടുണ്ടോ ;

(ഡി) മുഴുവൻ പ്രതികളെയും അറസ്റ്റുചെയ്ത് കുറ്റപത്രം സമർപ്പിക്കാൻ അടിയന്തിര നടപടി സ്വീകരിക്കുമോ ?